പി.എസ്.സി. മുഖാന്തിരം 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി

114(1394) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി, കുഴിമണ്ണ, ചീക്കോട്, കാവനൂർ, അരീക്കോട് ഹെൽത്ത് സെന്ററുകളിൽ/ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ;

(ബി) ഡോക്ടർമാർ ഇല്ലാത്തതിനാൽ എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാത്രമേ രോഗികളെ കിടത്തി ചികിത്സിക്കുന്നുള്ളൂ. മറ്റ് കേന്ദ്രങ്ങളിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമല്ല.

ദന്തൽ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി

115(1395) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിൽ നിയമനം നടത്തുന്നതിന് എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) വിവിധ വിഭാഗങ്ങളിലെ തസ്തികളിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ദന്തൽ കോളേജുകളിലെ പ്രൊമോഷനുവേണ്ടിയുള്ള ഡി.പി.സി. യഥാസമയം കൂടാറുണ്ടോ; ഉണ്ടെങ്കിൽ അവസാനമായി കൂടിയത് എന്നാണ്;

(ഡി) ഡി.പി.സി. യഥാസമയം കൂടാത്തതുകൊണ്ട് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly